LIBRARY ARCHIVES Kerala Legislative Assembly

ലേലം ചെയ്ത ബസ്സുകൾ

107 [3116] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ ലേലം ചെയ്തു കൊടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ ബസ്സും എന്തു തുകയ്ക്കാണ് ലേലത്തിൽ വിറ്റത്;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് മൊത്തം എന്ത് തുകയ്ക്കാണ് ലേലം ചെയ്ത് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 957 ബസ്സുകൾ ലേലം ചെയ്തു കൊടുത്തിട്ടുണ്ട്.

(ബി) ഓരോ ബസ്സും ശരാശരി 42213 രൂപയ്ക്കാണ് ലേലത്തിലും ടെന്റിലുമായി വിറ്റത്.

(സി) കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നെത്തി ലേലത്തിലും ടെന്ററിലും പങ്കെടുത്ത വ്യക്തികൾക്കാണ് വിറ്റത്. മൊത്തം 4,03,97,841 രൂപ ഈ ഇനത്തിൽ ലഭിച്ചു.

സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം

108 [3117] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ എത്ര ജീവനക്കാരുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) സാധനസാമഗ്രികളുടെ അഭാവംമൂലം എത്ര ബസ്സുകൾ കട്ടപ്പുറത്തായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കേടായിക്കിടന്ന എത്ര ബസ്സുകൾ സർവ്വീസ് യോഗ്യമാക്കിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ 3615 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(സി) സാധനസാമഗ്രികളുടെ അഭാവം കൊണ്ടുമാത്രമായി ബസ്സുകൾ കട്ടപ്പുറത്തില്ല.

(ഡി) 1025 ബസ്സുകൾ സർവ്വീസ് യോഗ്യമാക്കി നിരത്തിലിറക്കിയിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.